**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5920** **08-11-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ പെൻഷൻ ഫണ്ടിൽ അടച്ച തുക വിരമിച്ചതിനുശേഷം പെൻഷൻ പദ്ധതി ചട്ട പ്രകാരം ആരുടെ പേരിലാണ് നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേരിൽ സഹകരണ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്ന തുക കണക്കാക്കിയാണ് പെൻഷൻ നൽകുന്നത്. |
| (ബി) | നഷ്ടത്തിലാവുകയും പൂട്ടപ്പെടുകയും ചെയ്ത സംഘത്തിൽ നിന്ന് വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംഘം നഷ്ടത്തിലാവുകയോ പൂട്ടുകയോ ചെയ്തു മുഴുവൻ ഫണ്ട് അടയ്ക്കാൻ സാധിക്കാതെ വന്നാൽ അടവാക്കിയ ഫണ്ടിന് ആനുപാതിക പെൻഷൻ അനുവദിക്കുന്നതിന് സ്കീമിൽ വ്യവസ്ഥയുണ്ട്. എന്നാൽ അടച്ചു പൂട്ടിയ സംഘങ്ങൾ ലിക്വിഡേഷൻ നടപടിയിലാണെങ്കിൽ സർക്കാരിന്റെ ബാദ്ധ്യതകൾ തീർത്തശേഷം മിച്ചമുള്ള തുക മാത്രമേ ജീവനക്കാരന്റെ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിക്കാറുള്ളൂ. പരാതികൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിക്കുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ ഇത്തരം സംഘങ്ങളിൽ ജോലി ചെയ്ത കാലയളവിൽ പെൻഷൻ വിഹിതം അടച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കാത്ത വിഷയം പരിശോധിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സംഘം നഷ്ടത്തിലാവുകയോ പൂട്ടുകയോ ചെയ്തു മുഴുവൻ ഫണ്ട് അടയ്ക്കാൻ സാധിക്കാതെ വന്നാൽ അടവാക്കിയ ഫണ്ടിന് ആനുപാതിക പെൻഷൻ അനുവദിക്കുന്നതിന് സ്കീമിൽ വ്യവസ്ഥയുണ്ട്. എന്നാൽ അടച്ചു പൂട്ടിയ സംഘങ്ങൾ ലിക്വിഡേഷൻ നടപടിയിലാണെങ്കിൽ സർക്കാരിന്റെ ബാദ്ധ്യതകൾ തീർത്തശേഷം മിച്ചമുള്ള തുക മാത്രമേ ജീവനക്കാരന്റെ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിക്കാറുള്ളൂ. പരാതികൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ